ഇൻഡോ നാർവ്വീജിയൻ പ്രോജക്ടിലെ പൈപ്പു ഫാക്ടറി.

* 1313. [34] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീണ്ടകര ഇൻഡോ-നാവ്വീജിയൻ പ്രോജക്ടിലെ പൈപ്പുഫാക്ടറി നാർവേ ഗവണ്മെൻറിൽനിന്നും ഏറ്റു വാങ്ങുന്നതിന് സംസ്ഥാന ഗവണ്മെൻറ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ട് ;

(ബി) എന്തു വ്യവസ്ഥകളിലാണ് ഈ ഫാക്ടറി വിട്ടുതരാമെന്നു നാവ്വേ ഗവണ്മെൻറ് സമ്മതിച്ചിട്ടുള്ളതു ;

(സി) പൈപ്പു നിർമ്മാണം ലാഭകരമായി നടത്താൻ കഴിയുമെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ ;

(ഡി) പൈപ്പുകൾക്കു പുറമേ മറ്റെന്തെങ്കിലും സാധനങ്ങൾ ഫാക്ടറിയിലെ യന്ത്രോപകരണങ്ങൾ ഉപയോഗിച്ചു നിർമ്മിക്കാൻ കഴിയുമോയെന്നു പരിശോധിച്ചിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഇൻഡോ-നാർവീജിയൻ പ്രോജക്ടിൻെറ പ്രവർത്തനത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകളനുസരിച്ചു പ്രോജക്ടിലുള്ള പൈപ്പു ഫാക്ടറിയുടെ ഉടമസ്ഥാവകാശം ഇൻഡ്യാഗവണ്മെൻറിനാണ്. പ്രസ്തുത ഫാക്ടറി സംസ്ഥാന ഗവണ്മെൻറിനു വിട്ടുതരാമെന്നു കേന്ദ്രഗവണ്മെൻറ് സമ്മതിക്കുകയും സംസ്ഥാനഗവണ്മെൻറ് ഏറ്റെടുത്തുകൊള്ളാമെന്നു കേന്ദ്രഗവണ്മെൻറിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്വീഡനിലെ ഒരു കമ്പനിക്കാണ് കുത്തകാവകാശമുള്ള 'പ്രെമോ പൈപ്പ്' (Premo-pipe) എന്ന ഒരു പുതിയതരം പൈപ്പുകളാണ് ഈ ഫാക്ടറിയിൽ ഉണ്ടാക്കുന്നതു, പ്രോജക്ടിലെ ശുദ്ധജലവിതരണ പദ്ധതിക്കാവശ്യമുള്ള പൈപ്പുകൾ നിർമ്മിക്കുന്നതിനാണ് കരാറുണ്ടായിട്ടുള്ളതു. അതു കഴിഞ്ഞു ഫാക്ടറിയിൽ തുടർന്നു പൈപ്പുകൾ നിർമ്മിക്കുന്നതിനും വിതരണം നടത്തുന്നതിനും സ്വീഡനിലെ കമ്പനിക്കാണ് തുടർന്നുണ്ടാകുന്ന പൈപ്പുകളുടെ വിലയുടെ ഒരംശം എന്ന കണക്കിനോ, അഥവാ 10,000 പവനോ റോയൽറ്റി കൊടുക്കണമെന്നാണ് വ്യവസ്ഥ.

(സി) കരുതുന്നുണ്ട്.

(ഡി) പൈപ്പു ഫാക്ടറി സ്ഥാപിച്ചതു പ്രോജക്ടിൻെറ പ്രവർത്തനത്തെ സംബന്ധിക്കുന്ന വ്യവസ്ഥകളിൽ ഒന്നായ ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ട പൈപ്പുകൾ നിർമ്മിക്കുന്നതിനാണ്. അതു പൂർത്തിയായിട്ടു മാത്രമേ ഇപ്പോഴുള്ള യന്ത്രോപകരണങ്ങൾ ഉപയോഗിച്ചു മറ്റെന്തെങ്കിലും നിർമ്മിക്കുവാൻ കഴിയുമോ എന്നു പരിശോധിക്കുന്ന പ്രശ്നം ഉദിക്കുന്നുള്ളൂ.

ശ്രീ. പി. രവീന്ദ്രൻ : സ്റ്റേറ്റ് ഗവണ്മെൻറ് ഈ അടുത്ത കാലത്താണോ കേന്ദ്രഗവണ്മെൻറിനെഴുതിയതു ; ഇത്ര കാലതാമസത്തിനു കാരണമെന്താണ് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: 1958-ലെ തീരുമാനമനുസരിച്ചു 17-2-1959-ൽ എഴുതി.

ശ്രീ. ടി. കൃഷ്ണൻ : രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തുതന്നെ ഇതേറ്റെടുക്കുവാൻ സാധിക്കുമോ ?

Mr. Speaker : It is a speculative question. മറുപടി പറയാൻ സാദ്ധ്യമല്ല. കേന്ദ്രഗവണ്മെൻറിൻെറ തീരുമാനമനുസരിച്ചിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly